## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2327

19-07-2016-ൽ മറുപടിയ്ക്ക്

### നെടുമങ്ങാട് വേൾഡ് മാർക്കറ്റിലെ കാർഷിക ഉല്പന്നങ്ങൾ

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
|---|---|
| എ. നെടുമങ്ങാട് വേൾഡ് മാർക്കറ്റിൽ കൃഷിക്കാരുടെ ഉല്പന്നങ്ങൾ വിപണനം നടത്താനുള്ള സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | എ. നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണിയിൽ കർഷകരുടെ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുവേണ്ടി അതാത് കൃഷിഭവനിലെ കൃഷി ഓഫീസറുടെ അംഗീകാരത്തോടുകൂടി ഓരോ കർഷകരും ടി വിപണിയിൽ രജിസ്റ്റർ ചെയ്യുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്ത കർഷകരുടെ ഉല്പന്നങ്ങൾ ലേലം ചെയ്തു വിപണനം നടത്തുന്നതിനുവേണ്ടി ആഴ്ചയിൽ മൂന്നു ദിവസം (തിങ്കൾ, ബുധൻ, വെള്ളി) ഈ വിപണിയിൽ കാർഷിക ഉല്പന്നങ്ങൾ കർഷകർ നേരിട്ടു കൊണ്ടുവന്ന് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനാൽ മെച്ചപ്പെട്ട വില നേടിയെടുക്കുവാൻ സാധിക്കുന്നു. സർക്കാർ സ്ഥാപനമായ ഹോർട്ടികോർപ്പ്, രജിസ്റ്റർ ചെയ്ത കർഷകർ, കച്ചവടക്കാർ എന്നിവർ ലേലത്തിൽ പങ്കെടുക്കുന്നു. സമീപമുള്ള വിപണികളുടെയും VFPCK വിപണിയിലേയും ഹോർട്ടികോർപ്പ് വിപണിയുടേയും വില കണക്കാക്കിയാണ് ലേലനടപടികൾക്കായി അതാത് ദിവസത്തെ അടിസ്ഥാന വില നിശ്ചയിക്കുന്നത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കർഷക പ്രതിനിധി, കച്ചവടക്കാരുടെ പ്രതിനിധി, ഹോർട്ടികോർപ്പ് എന്നിവർ അടങ്ങുന്ന കമ്മിറ്റിയാണ് തറവില നിശ്ചയിക്കുന്നത്. |

| | | | |
|---|---|---|---|
| | | | വിപണിയിലെ ലേല നടപടികളിൽ കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനുവേണ്ടി കാർഷിക ഉല്പന്നങ്ങളുടെ വിലക്കു പുറമേ, കർഷകർ ഉല്പന്നങ്ങൾ നേരിട്ടു കൊണ്ടുവരുന്നതിനു വേണ്ടി കൃഷി സ്ഥലത്തിന്റെ ദൂരത്തിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് സബ്സിഡി നൽകി വരുന്നു. 25 കിലോമീറ്റർ ദൂരത്തിന് കിലോയ്ക്ക് 1.50/- രൂപയും, 25 കിലോമീറ്ററിനു മുകളിൽ 50 കിലോമീറ്റർ വരെ കിലോയ്ക്ക് 2/- രൂപയും, അതിൽ കൂടിയ ദൂരത്തിന് കിലോയ്ക്ക് 2.50/- രൂപയും ട്രാൻസ്പോർട്ട് സബ്സിഡി നൽകി വരുന്നു.<br><br>കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുവേണ്ടി ഒരു സംഭരണശാല നിർമ്മാണവും അതിനോടനുബന്ധിച്ച് നിലവിലുള്ള മാർക്കറ്റ് റോഡ് നവീകരണ പ്രവർത്തനങ്ങൾ ടി വിപണിയിൽ നടന്നു വരുന്നു. |
| ബി. | പ്രസ്തുത മാർക്കറ്റിൽ അടുത്ത ഓണക്കാലത്ത് പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ദേശീയ പ്രദർ ശനവും വിപണനവും നടത്താൻ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകാൻ സന്നദ്ധമാകുമോ? | ബി. | പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്. |

**അണ്ടർ സെക്രട്ടറി.**